ലോക്കൽ ഫണ്ട് ഓഡിറ്റിലെ വിജിലൻസ് വിഭാഗം

9 (1064) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ രൂപീകരിച്ച വിജിലൻസ് സെൽ എന്നാണ് നിലവിൽ വന്നത് ;

(ബി) പ്രസ്തുത സെല്ലിന്റെ മേധാവിയായി നിയമിച്ചിട്ടുള്ളത് ആരെയാണ് ;

(സി) വിജിലൻസ് സെല്ലിന്റെ മേധാവിക്ക് സർക്കാർ തലത്തിലോ മറ്റ് ഏതെങ്കിലും സ്ഥാപനങ്ങളിലൊ സെല്ലിന്റെ മേധാവി എന്ന പദവിക്ക് ഉതകുന്ന ട്രെയിനിംഗ് നൽകിയിട്ടുണ്ടോ ;

(ഡി) എങ്കിൽ എവിടെയാണ് ട്രെയിനിംഗ് നൽകിയതെന്നും അത് എന്നായിരുന്നുവെന്നും വ്യക്തമാക്കുമോ ;

(ഇ) ഈ തസ്തികയ്ക്ക് പ്രത്യേക ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ജി. ഒ. (പി) 34/97/ വിജിലൻസ് 11-6-1997 പ്രകാരം രൂപീകരിച്ച വിജിലൻസ് സെൽ 9-12-1999-നാണ് നിലവിൽ വന്നത്.

(ബി) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ജോയിന്റ് ഡയറക്ടർ ശ്രീ. ജി. ശിവദാസനെയാണ് വിജിലൻസ് ഓഫീസറായി നിയമിച്ചിട്ടുള്ളത്.

(സി) ഉണ്ട്.

(ഡി) 16-3-1999 മുതൽ 20-3-1999 വരെ തിരുവനന്തപുരത്ത് ഐ.എം.ജി. യിലാണ് ട്രെയിനിംഗ് നടന്നത്.

(ഇ) ഇല്ല.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ഉത്തരവുകൾ

10(1065) ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക്കൽ ഫണ്ട് ഡയറക്ടർ പുറപ്പെടുവിക്കുന്ന സ്ഥലംമാറ്റ/പ്രൊമോഷൻ ഉത്തരവുകളുടെ പകർപ്പുകൾ തങ്ങളുടെ സംഘടനയ്ക്ക് ലഭിക്കുന്നില്ല എന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ഏതെങ്കിലും സർവ്വീസ് സംഘടന സർക്കാരിന് പരാതി നൽകിയിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച വിവരങ്ങൾ വിശദമാക്കുമോ ;

(ബി) സംഘടനയ്ക്ക് സ്ഥലംമാറ്റ/പ്രൊമോഷൻ ഉത്തരവുകളുടെ പകർപ്പുകൾ നൽകുവാൻ 30-12-1998-ലെ 104804/എസ്റ്റാ. ഡി1/98/ധന. എന്ന നമ്പരുള്ള കത്ത് പ്രകാരം സർക്കാർ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നുവോ ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത് സംബന്ധിച്ച് സർക്കാർ നിർദ്ദേശങ്ങൾ വകുപ്പ് അദ്ധ്യക്ഷൻമാർ പാലിക്കുന്നില്ല എന്ന് പ്രസ്തുത സംഘടന പരാതിപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തി നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ലോക്കൽ ഫണ്ട് ഓഡിറ്റ് ടൈപ്പിസ്റ്റ് ആന്റ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് അസ്സോസിയേഷൻ പരാതി നൽകിയിട്ടുണ്ട്.

(ബി) 17-7-1998-ലെ കത്ത് നം: 54843/എസ്റ്റാ. ഡി1/98/ധന. പ്രകാരവും, 30-12-1998-ലെ കത്ത് നം:104804/എസ്റ്റാ.ഡി 1/98/ധന. എന്ന പ്രകാരവും ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. പ്രസ്തുത സംഘടനയുടെ പരാതിയിൻമേൽ ഡയറക്ടറുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്.

കെ. എഫ് സി. യുടെ വായ്പകളിൽമേലുള്ള പലിശ നിരക്ക്

11 (1066) ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എഫ് സി. യുടെ വായ്പകളുടെ പലിശ നിരക്ക് എത്ര ശതമാനം വരെയാകാം എന്ന് വിശദമാക്കുമോ ;

(ബി) പല വായ്പാ ഗുണഭോക്താക്കളുടെ പക്കൽനിന്നും നിശ്ചയിക്കപ്പെട്ടതിനേക്കാൾ അമിതമായ പലിശ കെ. എഫ് സി. ഈടാക്കുന്നുണ്ടെന്ന പരാതികൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഇത്തരം പരാതികളിൻമേൽ എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചെറുകിട വ്യവസായങ്ങൾക്ക് വായ്പ നൽകുന്നത് 15.5 ശതമാനത്തിലും ഇടത്തരം വ്യവസായങ്ങൾക്കും സേവനോപകാരപ്രദമായ സംരംഭങ്ങൾക്കും 16 ശതമാനം വരെയുമാണ് പരമാവധി പലിശ ചുമത്തുന്നത്.

(ബി) ഉണ്ട്.

(സി) കോർപ്പറേഷന്റെ പ്രധാന ധനാഗമമാർഗ്ഗങ്ങൾ സിഡ്ബി (എസ്.ഐ.ഡി.ബി.ഐ.), ഐ.ഡി.ബി.ഐ. എന്നീ സ്ഥാപനങ്ങളിൽ നിന്നുള്ള പുനർവായ്പ, മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ എന്നിവയാണ്. കോർപ്പറേഷന്റെ പലിശ കാലാകാലങ്ങളിൽ നിശ്ചയിക്കുന്നത് മുകളിൽ പറഞ്ഞ കാര്യങ്ങളെ അടിസ്ഥാനമാക്കിയാണ്. കൂടാതെ വീഴ്ച വരുത്തുന്ന വ്യവസായികളിൽനിന്നും 2% പിഴപലിശ ഈടാക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly